**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4363** **12/11/2019 ൽ മറുപടിക്ക്**

**മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ ഭൂമി**

**ചോദ്യം**

**ശ്രീ.കെ. ദാസൻ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ കൈവശ ഭൂമി അളന്നു തിട്ടപ്പെടുത്താൻ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന്, അതിന് കീഴിലുള്ള ക്ഷേത്രങ്ങളുടെമേൽ മേൽനോട്ടാധികാരം മാത്രമാണുള്ളത്. ദേവസ്വം ഭൂമിയുടെ ഉടമസ്ഥാവകാശം അതാത് ക്ഷേത്രങ്ങളിലെ ദേവൻ/ദേവിയുടെ മാനേജർ എന്ന നിലയിൽ ക്ഷേത്രഭരണാധികാരിയിൽ നിക്ഷിപ്തമാണ്. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. |
| (ബി) | ഇതുവരെ ഏതെങ്കിലും കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; കൂടുതൽ കയ്യേറ്റങ്ങൾ കണ്ടെത്തിയ പത്തു ക്ഷേത്രങ്ങളുടെ പേരും കയ്യേറിയ ഭൂമിയുടെ അളവും പട്ടിക രൂപത്തിൽ നൽകാമോ; | (ബി) | ഉണ്ട്.<br>1123 ക്ഷേത്രങ്ങളുടെ ഭൂമി സർവ്വെ നടത്തിയതിൽ ആകെ 24693.24 ഏക്കർ ഭൂമിയിൽ കൈയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളായ ശ്രീ. പന്തല്ലൂർ ദേവസ്വം, ഏമൂർ ഭഗവതി ദേവസ്വം, പുൽപ്പള്ളി ദേവസ്വം, പുറക്കാടി ദേവസ്വം, ചാത്തൻകുളങ്ങര ദേവസ്വം, |

| | | | |
|---|---|---|---|
| | | | കൊട്ടിയൂർ ദേവസ്വം, തിരുവർച്ചനാംകുന്ന് ദേവസ്വം, വെള്ളാലത്ത് ശിവക്ഷേത്രം, കടന്നപ്പള്ളി തുടങ്ങിയ ക്ഷേത്രങ്ങളുടെ ഭൂമിയിൽ കൈയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. |
| (സി) | ഇത്തരം കയ്യേറ്റ ഭൂമികൾ തിരിച്ചു പിടിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | കൈയ്യേറ്റ ഭൂമിയുടെ കൃത്യമായ കണക്ക് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ